TROUBLES AT ANTHIKAD

401. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുന്ന ചോദ്യത്തിന്ന ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

അന്തിക്കാട്ട കഴപ്പങ്ങൾ തുടങ്ങിയ ശേഷം അവിടെ സാധാരണയിലും വിശേഷാലും പല വകുപ്പുകളിലായി ഡ്യൂട്ടിയിൽ ഇരുന്നിരുന്നവരും ഇപ്പോൾ ഇരിക്കുന്നവരുമായ ഉദ്യോഗസ്ഥന്മാർ (ആപ്പീസർമാർ മുതൽ ശിപായിവരെ) ഏതേതു സമുദായങ്ങളിൽപെട്ടവരാണ്.

റാവുസാഹിബ് എ. മാധവപ്പിള്ള: വിവരങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. (Appendix II.)

TINNED PROVISIONS—AUCTION OF

402. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) നാശം വന്നുപോയിട്ടുള്ള ടിൻ പ്രൊവിഷനുകൾ ലേലം വിളിക്കുന്നതിന്നു പുറമെനിന്നു വല്ലവരേയും നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെന്നുവരികിൽ ആരെയാണ്;

(സി) എന്തു പ്രതിഫലം കൊടുക്കാമെന്നുള്ള കരാറിന്മേലാണ്,

(ഡി) എത്ര സംഖ്യക്കുള്ള സാധനങ്ങൾ ലേലം വിളിച്ചുവെന്നും എത്ര സാധനങ്ങളാണ ലേലംവിളിച്ചതെന്നും വിവരമായ ഒരു കണക്ക മേശപ്പുറത്തു വെക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ബാക്കി കയ്യിരിപ്പുള്ള ടിൻ പ്രൊവിഷനുകൾ ലേലം വിളിക്കുവാൻ പുറമെനിന്നും ആളെ ഏല്പിച്ചിരുന്നു.

(ബി) ലേലംവിളിക്കുവാൻ ഏല്പിച്ചിരുന്നതു മിസ്റ്റർ ഫ്രാങ്ക് എബ്രാഹാമിനെയാണ്.

(സി) ലേലസംഖ്യയിൽ ആദ്യത്തെ റ. ൫, ൦ ൦ ൦ രൂപ്പികക്ക രണ്ടു ശതമാനവും, പിന്നത്തെ റ. ൫, ൦ ൦ ൦-ത്തിന ഒരു ശതമാനവും, പിന്നത്തെ രണ്ടു ലക്ഷത്തിന്ന അര ശതമാനവും, അതിന്മീതെവരുന്ന സംഖ്യക്ക കാൽ ശതമാനവും ആണ് പ്രതിഫലം നിശ്ചയിച്ചിട്ടുള്ളതു.

(ഡി) കച്ചവടം കഴിയുന്നതിന്ന മുമ്പ് ഈ വിവരങ്ങൾ പുറത്താക്കുന്നതു ശരിയായിരിക്കയില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ കമ്മീഷൻ ആദ്യത്തെ റ൫,൦൦൦ ക. ക്ക് രണ്ടു ശതമാനവും, പിന്നീടുള്ള റ൫,൦൦൦ ക. ക്ക് ഒരു ശതമാനവും, പിന്നീടുള്ള രണ്ടുലക്ഷം സംഖ്യക്ക് അരശതമാനവും അതിന്മീതെവരുന്ന സംഖ്യക്ക് കാൽശതമാനവും എന്ന തീരുമാനിക്കുവാനുള്ള കാരണം എന്താണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെയൊക്കെയാണ് സാധാരണ പതിവു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇരുപത്തിഅയ്യായിരം രൂപ്പികയിൽ കൂടുതൽ വരുന്ന സംഖ്യക്ക ഇത്ര കുറവായിട്ടു വരുവാനുള്ള കാരണമെന്താണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സാധാരണ ഇങ്കംടാക്സ് ഇൻവേഴ്സായിട്ടുള്ള ഒരു രീതിയാണ് ഇതു്.

VILLAGE COURT AT KALLOOR

403. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) കല്ലൂർ തെക്കുംമുറി വില്ലേജ് കോട്ട് നടത്തിവരുന്ന സ്ഥലം ആരുടെ വകയാകുന്നു. എവിടെയാണ് ഈ ആപ്പീസ്സു സ്ഥിതിചെയ്യുന്നതു;

(ബി) ആ കെട്ടിടത്തിന്റെ ഉടമസ്ഥനു് ആപ്പീസ്സു കെട്ടിടത്തിന്റെ അരികത്തും പരിസരങ്ങളിലും കൂടി ഉദ്ദേശം എത്ര ഏക്കു് വസ്തു ഉണ്ടു;

(സി) ഈ വില്ലേജ് കോട്ടിന്റെ ആവശ്യത്തിലേക്ക ഗവമ്മെണ്ടിൽനിന്നും സ്ഥലം അകപയർ ചെയ്യാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതുസ്ഥലം, ആരുടെവക, എന്തുജാതി;

LIBRARY ARCHIVES Kerala Legislative Assembly